പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 26 — 06.01.2014 ൽ മറുപടിക്ക്

## സാമൂഹ്യജീവിതത്തെ ബുദ്ധിമുട്ടിക്കുന്ന സംഘടിത പ്രതിഷേധങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, എൻ. ഷംസുദ്ദീൻ<br>,, റ്റി. എ. അഹമ്മദ് കബീർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സംഘടിത പ്രതിഷേധ പ്രവർത്തനങ്ങൾ പൗരന്റെ സമാധാന ജീവിത/ സഞ്ചാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതും അതുമൂലമുള്ള സംഘർഷങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജനസേവനത്തിന്റെ കൂടി ഭാഗമായി പ്രവൃത്തിയെടുക്കുന്ന വ്യക്തികളെയും, ജനങ്ങൾക്ക് സേവനം നൽകുന്ന സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും ഉപരോധിച്ചുകൊണ്ടോ, ശാരീരികമായി നേരിട്ട് പ്രവർത്തനം തടസ്സപ്പെടുത്തിക്കൊണ്ടോ ഉള്ള സംഘടിത പ്രതിഷേധങ്ങൾ, പ്രതിഷേധിക്കാനുള്ള അവകാശമായി അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സമീപനമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) പൊതുജനങ്ങൾ സംഘടിക്കുന്നതും, പ്രതിഷേധം രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുള്ളതും ആയത് നിലവിൽ വന്നിട്ടുള്ളതുമാണ്. പ്രസ്തുത നിയമത്തിൽ പൊതുവഴികൾ, റോഡുകൾ, ഫുട്പാത്തുകൾ എന്നിവ തടസ്സപ്പെടുത്തി സംഘടിപ്പിക്കുന്ന യോഗങ്ങൾ, ജാഥകൾ, സഭകൾ പ്രകടനങ്ങൾ എന്നിവ കർശനമായി നിരോധിച്ചിട്ടുള്ളതാണ്. പൊതു ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള പ്രതിഷേധങ്ങളെ അവകാശമായി അംഗീകരിക്കാനാവില്ല. ഇത്തരം പ്രതിഷേധങ്ങളെ ക്രമസമാധാനത്തിന്റെ ഭാഗമായി പോലീസ് കർശനമായി നിയന്ത്രിക്കുന്നു. ഗുരുതരമായ കുറ്റകൃത്യം നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും, കേരള പൊതുവഴികൾ (സംഘംചേരലും ജാഥകളും നിയന്ത്രണം) നിയമം, PDPP Act എന്നിവ അനുസരിച്ചും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്ന് കൊണ്ട് സംഘടിക്കുവാനും പ്രതിഷേധം രേഖപ്പെടുത്തുവാനും തടസ്സമില്ലാത്തതാണ്. സംഘം ചേരൽ, ജാഥകൾ തുടങ്ങിയവ നടത്തി പൊതുവഴികൾ തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (18.05.2011 മുതൽ 31.12.2013 വരെ) 6173 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ജനങ്ങൾക്ക് സേവനം നൽകുന്ന സ്ഥാപനങ്ങളെയും, പൊതു സഞ്ചാര പാതകളെയും സംഘടിത ശക്തി ഉപയോഗിച്ച് ഉപരോധിക്കുകയും, പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്യുന്ന നടപടികൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ അഭിപ്രായ രൂപീകരണമുൾപ്പെടെയുള്ള നടപടികൾക്ക് ആരംഭം കുറിക്കുമോ?

(സി) പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുന്നതിനെതിരെ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതനുസരിച്ച് ജാഥകൾ, ബന്ദുകൾ, ഹർത്താലുകൾ തുടങ്ങിയവ നടത്തപ്പെടുമ്പോൾ ജില്ലാ പോലീസ് മേധാവിമാർ അവ നിരീക്ഷിക്കുകയും, നിയന്ത്രിക്കുകയും പൊതുമുതലുകൾക്കും സ്വകാര്യമുതലുകൾക്കും നഷ്ടം വരുത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രകടനങ്ങളുടെ വിഡിയോ റെക്കോർഡ് ചെയ്ത് വിലയിരുത്തുകയും ചെയ്യുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ, PDPP Act എന്നിവ അനുസരിച്ച് നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

G1/138/LAI/SCRB/2014

| | |
|---|---|
| TVM C | 431 |
| TVM RL | 120 |
| KLM C | 292 |
| KLM R | 71 |
| PTA | 511 |
| ALP | 192 |
| KTM | 166 |
| IDK | 141 |
| EKM C | 280 |
| EKM R | 264 |
| TSR C | 418 |
| TSR R | 323 |
| PKD | 310 |
| MPM | 257 |
| KKD C | 405 |
| KKD R | 664 |
| WYD | 182 |
| KNR | 998 |
| KSD | 147 |
| RLYS | 1 |
| TOTAL | 6173 |

സെക്ഷൻ ഓഫീസർ